(സി) ഇപ്പോൾ പ്രസ്തുത തുക നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം അറിയിക്കാമോ;

(ഡി) പ്രസ്തുത തുക ബന്ധപ്പെട്ട വകുപ്പിന് നൽകാത്തതിനാൽ കുടിശ്ശിക ഈടാക്കലും വൈദ്യുതി വിച്ഛേദിക്കലും നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി കർഷകർക്ക് സബ്സിഡി നിരക്കിൽ വൈദ്യുതി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നെൽക്കൃഷിക്ക് ഭൂപരിധിയില്ലാതെയും കരക്കൃഷിക്ക് രണ്ട് ഹെക്ടർ വരെയും പരിധി നിശ്ചയിച്ച് ജലസേചനത്തിനായി വൈദ്യുതി സൗജന്യം നൽകിവരുന്നു.

(ബി) കൃഷിവകുപ്പ്.

(സി) നൽകുന്നുണ്ട്.

(ഡി ആന്റ് ഇ) വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിന് നൽകാനുള്ള തുക പൂർണ്ണമായും നൽകാത്തതിനാൽ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതായി ചില കർഷകരിൽ നിന്നും പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ബോർഡ് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ കുടിശ്ശിക അടയ്ക്കുന്നതിൽ കാലതാമസം വരുത്തുന്നു എന്ന കാരണത്താൽ മാത്രം കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുന്നതല്ലെന്നും എന്നാൽ പ്രസ്തുത പദ്ധതി ദുരുപയോഗം ചെയ്യുന്ന കർഷകരുടെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ടി വരുമെന്നും അറിയിച്ചിട്ടുണ്ട്. വൈദ്യുതി ചാർജ്ജ് ഇനത്തിൽ ബോർഡിനു നൽകാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

നടീൽ വസ്തുക്കൾ സൗജന്യമായി നൽകുന്ന പദ്ധതി

56 [1188] ശ്രീ. എ. പി. അനിൽകുമാർ:
ശ്രീമതി രാധാ രാഘവൻ:
„ മാലേത്ത് സരളാദേവി:
ശ്രീ. കെ. മുഹമ്മദാലി:
,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഗ്രി എക്സ്പോർട്ട് സോണിൽ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യണമെന്ന ഉദ്ദേശത്തോടുകൂടി കൃഷി ചെയ്യുന്ന കർഷകർക്ക് നടീൽ വസ്തുക്കൾ സൗജന്യമായി നൽകുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

അഗ്രി എക്സ്പോർട്ട് സോൺ പദ്ധതി പ്രകാരം വാഴ കൃഷി ചെയ്യുന്ന കർഷകർക്ക് നടീൽ വസ്തുക്കളും ഉൽപ്പാദനോപാധികൾ വാങ്ങുന്നതിന് പരമാവധി 15,000 രൂപയും പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടർ ഒന്നിന് 5,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. ഇതിനും പുറമേ കയറ്റുമതി ചെയ്യുവാൻ സന്നദ്ധരായിട്ടുള്ള കർഷകർക്ക് VFPCK 50 ശതമാനം നിരക്കിൽ നടീൽ വസ്തുക്കൾ വിതരണം ചെയ്യുന്നുണ്ട്.

പ്രത്യേക തൊഴിൽദാന പദ്ധതി

57 [1189] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം യുവജനങ്ങൾക്ക് കാർഷിക മേഖലയിൽ ആരംഭിച്ച പ്രത്യേക തൊഴിൽദാന പദ്ധതി സ്തംഭനാവസ്ഥയിലാണെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പദ്ധതിയിൽ അംഗമായി ചേർന്നവരുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(സി) അംഗത്വ ഫീസ് ഇനത്തിൽ ആകെ പിരിഞ്ഞുകിട്ടിയ തുക എത്രയാണ്;

(ഡി) എസ്.സി./എസ്.റ്റി. അംഗങ്ങളുടെ വിശദവിവരം അറിയിക്കുമോ;

(ഇ) ഓരോരുത്തർക്കും സർക്കാർ വിഹിതമായി 1,000 രൂപ അടങ്ങുന്ന വാഗ്ദാനം നടപ്പാക്കിയിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ജി) പിരിഞ്ഞുകിട്ടിയ തുക ഏത് അക്കൗണ്ടിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്;

(എച്ച്) പദ്ധതിയുടെ തുടർന്നുള്ള നടത്തിപ്പ് എപ്രകാരമാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പദ്ധതി തുടർന്നുകൊണ്ടിരിക്കുകയാണ്. പദ്ധതി കൂടുതൽ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി കൃഷിഭവനുകൾതോറും സ്വയംസഹായ സംഘങ്ങൾ രൂപീകരിച്ച് അവർക്ക് കൃഷിയധിഷ്ഠിത മേഖലകളിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിന് പര്യാപ്തമാകുംവിധം പരിശീലനം നൽകിവരുന്നു. ഈ വർഷം ഇതിലേക്കായി 12.28525 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly